"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-ഈരാട്ടുപേറ്റ പോലീസ് സ്റ്റേഷനിലെ SCPO(G) K 7785 ശ്രീ.അജിത്ത് എം. ചെല്ലപ്പന് മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2336/2025/HOME  തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-
1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 10/06/2025 തീയതിയിലെ ഇ5-102509/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

ഈരാട്ടുപേറ്റ പോലീസ് സ്റ്റേഷനിലെ SCPO(G) K 7785 ശ്രീ.അജിത്ത് എം. ചെല്ലപ്പന് 30/09/2024-ന് സ്റ്റേഷൻ ഡ്യൂട്ടി കഴിഞ്ഞ് മടങ്ങുന്ന വഴി ടിയാൻ ഓടിച്ചിരുന്ന സ്കൂട്ടർ മറ്റൊരു കാറുമായി കൂട്ടിയിടിച്ച് അപകടം സംഭവിക്കുകയും, ഇപ്രകാരം ചികിത്സയിലായിരുന്നതും, തുടർന്ന് അവധിയിൽ പ്രവേശിച്ചതുമായ 01/10/2024 തീയതി മുതൽ (30/09/2024 രാത്രിയിലാണ് അപകടം സംഭവിച്ചത്) 20/01/2025 വരെയുള്ള 112 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അജിത്ത് എം. ചെല്ലപ്പന് സംഭവിച്ച പരിക്ക് ഡ്യൂട്ടിക്കിടയിലാണെന്ന് കോട്ടയം ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 21/01/2025 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ച് നോർമൽ ഡ്യൂട്ടി ചെയ്തുവരികയാണെന്ന് ടിയാന്റെ ലീവ് റോളിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഈരാട്ടുപേറ്റ പോലീസ് സ്റ്റേഷനിലെ SCPO(G) K 7785 ശ്രീ.അജിത്ത് എം. ചെല്ലപ്പന് (PEN 626277) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 01/10/2024 തീയതി മുതൽ 20/01/2025 വരെയുള്ള (112 ദിവസം)കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ശ്രീ.അജിത്ത് എം. ചെല്ലപ്പൻ, SCPO(G) K 778 (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 11-07-2025 12:33:54